**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 75** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണം നേരിടുന്നവർക്ക് സഹായം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ |
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | (വനം, വന്യജീവി - നൈപുണ്യ വികസന |
| ശ്രീ. എഫ്. രാജ | വകുപ്പ് മന്ത്രി) |

**(എ)** വന്യജീവി ആക്രമണങ്ങളിൽ കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്കും സാരമായി പരിക്കേറ്റ് ഉപജീവനമാർഗം തടസ്സപ്പെടുന്നവർക്കും പെൻഷൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** പരിഗണനയിൽ ഉണ്ട് .

**(ബി)** വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം വിവിധ ഘട്ടമായി ഇരുപത്തിയൊന്ന് ലക്ഷം രൂപയായി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടപരിഹാരം അവസാനമായി പരിഷ്കരിച്ചത് 2015 ലാണ്. ആയത് 100% വർധിപ്പി ക്കുന്നതിനും, അതോടൊപ്പം മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം 25% |വർധിപ്പിക്കുന്നതിനും തത്വത്തിൽ തീരുമാനം കൈകൊണ്ടിട്ടുള്ളതാണ്.

**(സി)** വന്യജീവി പ്രതിരോധ പ്രവർത്തനത്തിന് നേതൃത്വം നൽകാൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-യെ ചെയർപേഴ്സണാക്കി സമിതി രൂപീകരിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ വനാതിർത്തി പങ്കിടുന്ന ഓരോ നിയമഭാ മണ്ഡലത്തിലും മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹു. നിയമസഭാംഗം അധ്യക്ഷനായും ബന്ധപ്പെട്ട പാർലമെന്റ് അംഗം പ്രത്യേക ക്ഷണിതാവായും മണ്ഡലം ഉൾപ്പെടുന്ന പ്രദേശത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അല്ലെങ്കിൽ വൈൽഡ് ലൈഫ് വാർഡൻ കൺവീനറായും, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അംഗങ്ങളായും, 'നിയമസഭാ മണ്ഡലതല മനുഷ്യ-വന്യജീവി സഹജീവന നിർദ്ദേശക സമിതി' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**